# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 667</u> — <u>28.09.2011-ൽ മറുപടിക്ക്</u>

## <u>നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം തൃപ്തികരമായി നടക്കുന്നില്ലാ എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) തൃപ്തികരമായി നടക്കുന്നുണ്ട്. |
| (ബി) എൻ.ആർ.എച്ച്.എം വഴി പല ആശുപത്രികളിലും നിയമിച്ചിരുന്ന ഡോക്ടർമാരെ പിരിച്ചുവിട്ടതുമൂലം ഡോക്ടർമാരുടെ കുറവ് അനുഭവ പ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഡോക്ടർമാരുടെ കുറവുമൂലം രോഗി കൾ അനുഭവിക്കുന്ന ദുരിതം പരി ഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് ? | (സി) നിലവിലുള്ള സ്ഥിരം തസ്തികകളിൽ ഡോക്ടർമാരെ നിയമിക്കാൻ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം കഴിയുകയില്ല. കാരണം എൻ.ആർ. എച്ച്.എം ഒരു സ്ഥിരം സംവിധാനമല്ല. വർഷം തോറും ഭാരത സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുകയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഡോക്ടർമാരെ ആവശ്യം വരുന്ന മുറയ്ക്ക് ഡിഎംഒ/ഡിപിഎം സൂപ്രണ്ട് എന്നിവരുടെ നേതൃത്വത്തിൽ ആശുപത്രികളിൽ ഡോക്ടർമാരെ താൽക്കാലികമായി നിയമിക്കുന്നുണ്ട്. 01.09.2011-ലെ കണക്ക് പ്രകാരം 352 സി.ആർ.എസ് ഡോക്ടർമാരെയും 264 കരാർ ഡോക്ടർമാരെയും വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ